# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 794 — 04.03.2020-ൽ മറുപടിയ്ക്ക്.

## മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

**മറുപടി**

ശ്രീ.കെ രാജു
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(എ) ക്ഷീര മേഖലയിലേക്ക് കൂടുതൽ കർഷകരേയും സംരംഭകരേയും കൊണ്ടു വരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിലൂടെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി താഴെപറയുന്ന സഹായങ്ങളാണ് കർഷകർക്ക് നൽകുന്നത്.

| ക്രമ നമ്പർ | ഇനവിവരം | ധനസഹായ തുക |
|---|---|---|
| 1 | ഒരു പശു യൂണിറ്റ് (ഗോദാനം) | 35,000 |
| 2 | ഒരു പശു യൂണിറ്റ് (നാടൻ പശു) | 36,500 |
| 3 | രണ്ട് പശു യൂണിറ്റ് | 69,000 |
| 4 | അഞ്ച് പശു യൂണിറ്റ് | 1,84,000 |
| 5 | അഞ്ച് കിടാരി യൂണിറ്റ് | 98,800 |
| 6 | പത്ത് പശു യൂണിറ്റ് | 3,83,000 |
| 7 | പത്ത് കിടാരി യൂണിറ്റ് | 1,96,400 |
| 8 | 1 പശു + 1 കിടാരി കോമ്പോസിറ്റ് യൂണിറ്റ് | 53,000 |
| 9 | 3 പശു + 2 കിടാരി കോമ്പോസിറ്റ് യൂണിറ്റ് | 1,50,000 |
| 10 | 6 പശു + 4 കിടാരി കോമ്പോസിറ്റ് യൂണിറ്റ് | 2,92,000 |
| 11 | അവശ്യാധിഷ്ഠിത ധന സഹായം (ചെലവഴിക്കുന്ന തുകയുടെ 50 %) | 50,000 |
| 12 | കറവയന്ത്രം | 25,000 |

| | | |
|---|---|---|
| 13 | ശാസ്ത്രീയ കാലി ത്തൊഴുത്ത് നിർമ്മാണം | 50,000 |
| 14 | കിടാരി പാർക്ക് (ക്ഷീരസംഘങ്ങൾക്ക്) | 19,37,500 |

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തെ പാൽ ഉല്പാദനം ഗണ്യമായി ഉയർത്തുന്നതിനും പാൽ ഉല്പാദനകാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(ബി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സഹകരണ മേഖലയിലൂടെയുള്ള പാൽ സംഭരണത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2018-19 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രകൃതിക്ഷോഭം കാരണം സംസ്ഥാനത്തെ പൂർണ്ണമായും സ്വയം പര്യാപ്തതയിലെത്തിക്കുന്നതിന് തടസ്സമായി. എന്നാൽ സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളുടേയും പ്രളയാനന്തര പദ്ധതികൾ നടപ്പിലാക്കിയതിന്റെയും ഫലമായി പാലുല്പാദനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) 2020-21 വർഷം ഈ പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) 2020-21 വർഷത്തിൽ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയ്ക്കായി 4028 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയ തുക ഉപയോഗിച്ച് ഈ പദ്ധതിയിൻ കീഴിൽ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

(ഡി) 2019-20 ൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഒരു പശു യൂണിറ്റ്(ഗോദാനം)
ഒരു പശു യൂണിറ്റ്(നാടൻ പശു)
രണ്ട് പശു യൂണിറ്റ്
അഞ്ച് പശു യൂണിറ്റ്
അഞ്ച് കിടാരി യൂണിറ്റ്
പത്ത് പശു യൂണിറ്റ്
പത്ത് കിടാരി യൂണിറ്റ്
1 പശു + 1 കിടാരി കോമ്പോസിറ്റ് യൂണിറ്റ്
3 പശു + 2 കിടാരി കോമ്പോസിറ്റ് യൂണിറ്റ്
6 പശു + 4 കിടാരി കോമ്പോസിറ്റ് യൂണിറ്റ്
അവശ്യാധിഷ്ഠിത ധനസഹായം
കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
ശാസ്ത്രീയ കാലിത്തൊഴുത്ത് നിർമ്മാണം
കിടാരി പാർക്ക്

**സെക്ഷൻ ഓഫീസർ**